(ബി) സംസ്ഥാനത്താകെ എത്ര ഗവൺമെൻറ് സ്കൂളുകളിൽ ഇത്തരം പ്രീ-പ്രൈമറി ക്ലാസ്സുകൾ പ്രവർത്തിക്കുന്നുണ്ടെന്നത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) ഇത്തരം നഴ്സറി ക്ലാസ്സുകളിൽ എത്ര പ്രീ-പ്രൈമറി ടീച്ചർമാരുണ്ടെന്നും എത്ര ആയമാരുണ്ടെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഇ) ഈ ടീച്ചർമാർക്കും ആയമാർക്കും നിത്യവൃത്തിക്കുവേണ്ട സേവനാനുകൂല്യം പോലും ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇവർക്കു മാന്യമായ വേതനം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി)

| | | |
|---|---|---|
| തിരുവനന്തപുരം | .. | 116 |
| കൊല്ലം | .. | 147 |
| പത്തനംതിട്ട | .. | 40 |
| ആലപ്പുഴ | .. | 38 |
| കോട്ടയം | .. | 28 |
| ഇടുക്കി | .. | 10 |
| എറണാകുളം | .. | 65 |
| തൃശ്ശൂർ | .. | 82 |
| പാലക്കാട് | .. | 60 |
| മലപ്പുറം | .. | 50 |
| കോഴിക്കോട് | .. | 40 |
| വയനാട് | .. | 15 |
| കണ്ണൂർ | .. | 12 |
| കാസർഗോഡ് | .. | 24 |

(ഡി) 817 ടീച്ചർമാരും, 496 ആയമാരും ജോലി ചെയ്യുന്നു.

(ഇ) ഉണ്ട്.

(എഫ്) ഇത്തരം അദ്ധ്യാപകർക്കും ആയമാർക്കും അംഗനവാടി ജീവനക്കാർക്ക് കൊടുക്കുന്ന ശമ്പളമെങ്കിലും നൽകുന്നതിന് കഴിയുമോ എന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

എയ്ഡഡ് സ്കൂൾ ഹയർസെക്കണ്ടറി അദ്ധ്യാപകർ

96 [2410] ശ്രീ. കെ. നാരായണക്കുറുപ്പ്:

,, റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

എയ്ഡഡ് ഹയർ സെക്കണ്ടറി മേഖലയിൽ കഴിഞ്ഞ മൂന്നു വർഷമായി അംഗീകാരം ലഭിക്കാത്തതിനാൽ ശമ്പളം ലഭിക്കാത്ത എത്ര അദ്ധ്യാപകർ ഉണ്ടെന്നു് അറിയിക്കാമോ?

ഉത്തരം

എയ്ഡഡ് ഹയർ സെക്കണ്ടറി മേഖലയിൽ 2002 അദ്ധ്യയന വർഷം മുതൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയാകുമ്പോൾ മാത്രമേ എത്ര അദ്ധ്യാപകർ ഉണ്ടെന്നു് വ്യക്തമായി അറിയുവാൻ കഴിയൂ.

സേ പരീക്ഷ പാസായവർക്ക് +1 പുതിയ അപേക്ഷകൾ നൽകുവാൻ നടപടി

97 [2411] ശ്രീ. സി. ടി. അഹമ്മദ് അലി:
,, സി. മോയിൻകുട്ടി:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ എസ്. എസ്. എൽ. സി. പരീക്ഷയിൽ തോറ്റ നൂറുകണക്കിനു് വിദ്യാർത്ഥികൾ സേ പരീക്ഷ പാസ്സായി എങ്കിലും +1 കോഴ്സിനു് അപേക്ഷിക്കാനുള്ള അവസാന തീയതിയും കഴിഞ്ഞു് റിസൾട്ട് പ്രസിദ്ധീകരിച്ചതിനാൽ +1 പ്രവേശനത്തിനു് അപേക്ഷ നൽകാൻ സാധിച്ചിട്ടില്ല, എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള +1 ബാച്ചിലെ വിദ്യാർത്ഥികളുടെ എണ്ണം 75 ആയി വർദ്ധിപ്പിച്ചു് സേ പരീക്ഷ പാസ്സായവർക്കു് +1നു് പുതിയ അപേക്ഷ നൽകുവാൻ കഴിയുംവിധം വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എസ്. എസ്. എൽ. സി. 'സേ' പരീക്ഷ പാസ്സായ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്കു് ഹയർ സെക്കണ്ടറി കോഴ്സിനു് അപേക്ഷിക്കാനുള്ള തീയതി ജൂലായ് 22 വരെ ദീർഘിപ്പിച്ചിട്ടുണ്ടായിരുന്നു.

(ബി) നിലവിലുള്ള ഓരോ ബാച്ചിലും 10% സീറ്റ് വർദ്ധനവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ അൺ-എയ്ഡഡ് മേഖലയിൽ 32 ഹയർ സെക്കൻഡറി സ്കൂളുകളും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഗവൺമെൻറിനു് സാമ്പത്തിക ബാദ്ധ്യത ഇല്ലാതെ കൂടുതൽ അൺ-എയ്ഡഡ് കോഴ്സുകൾ അനുവദിക്കുന്ന കാര്യം ഗവൺമെൻറ് പരിശോധിക്കുന്നുണ്ട്.

എയിഡഡ് സ്കൂളുകളിൽ +2

98 [2412] ശ്രീ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പാസ്സായി ഉന്നതവിദ്യാഭ്യാസത്തിനു് ആഗ്രഹിക്കുന്നവർക്കെല്ലാം +2 കോഴ്സിനു് പ്രവേശനം കിട്ടാതെ വിദ്യാർത്ഥികൾ ബുദ്ധിമുട്ടുന്നതു് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly